ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്
mhdpkd@gmail.com

# അല്ലാഹുവിനുള്ള നോമ്പ്

عَنْ أَبِي هُرَيْرَةَ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: يَقُولُ اللهُ عَزَّ وَجَلَّ: الصَّوْمُ لِي وَأَنَا أَجْزِي بِهِ

**അബൂഹുറൈറയിൽനിന്ന്. നബി (സ) പറഞ്ഞു: 'അല്ലാഹു ഇങ്ങനെ അറിയിച്ചിരിക്കുന്നു; നോമ്പ് എനിക്കുള്ളതാണ്, ഞാനാണ് അതിന് പ്രതിഫലം നൽകുക' (ബുഖാരി).**

വിശ്വാസികളുടെ എല്ലാ ആരാധനാനുഷ്ഠാനങ്ങളും എനിക്കുള്ളതാണ്. എന്റെ പ്രീതിയും പ്രതിഫലവും മാത്രം ഉദ്ദേശിച്ചേ അവ നിർവഹിക്കാവൂ. മറ്റുള്ള എന്തെങ്കിലും താൽപര്യം അവയുടെ പിന്നിലുണ്ടെങ്കിൽ ഞാനതിന് പ്രതിഫലം നൽകില്ലെന്നു മാത്രമല്ല, അവയെ ശിക്ഷാർഹമായ ശിർക്കായിട്ടാണ് ഗണിക്കുക. കാരണം നിങ്ങളെ മാത്രമല്ല നിങ്ങൾക്കുള്ള സകലതിന്റെയും ഉടമയും നിയന്താവും ഞാനാണ്. അതിനാൽ നിങ്ങളുടെ ജീവിതവും അനുഷ്ഠാനങ്ങളും എനിക്കു മാത്രം അവകാശപ്പെട്ടതാണ്. അവയിൽ മറ്റുള്ളവരെ കൂട്ടു ചേർക്കുന്നത് ഒരിക്കലും ഞാൻ സഹിക്കില്ല.

എങ്കിലും നോമ്പിനെക്കുറിച്ച് ഞാൻ പറയുന്നു; അത് എനിക്ക് മാത്രമാണെന്ന്. അതിനുള്ള പ്രതിഫലം ഞാൻ നേരിട്ടാണ് നൽകുക. എന്തുകൊണ്ടെന്നാൽ മറ്റ് അനുഷ്ഠാനങ്ങളെപ്പോലെ ആളുകളെക്കാണിച്ച് ചെയ്യാവുന്നതല്ല വ്രതാനുഷ്ഠാനം. എനിക്ക് മാത്രം തിരിച്ചറിയാവുന്ന ആരാധനയാണത്. ഒരേസമയം കണ്ണും കാതും കൈകാലുകളുമടക്കമുള്ള സകല അവയവങ്ങളും എനിക്ക് കീഴടങ്ങുന്നു. മനസ്സും മസ്തിഷ്കവും എന്നെ മാത്രം വാഴ്ത്തുന്നു. ഇതിനേക്കാൾ എന്നെ മറ്റെന്താണ് സന്തോഷിപ്പിക്കുക?! ഇതര പുണ്യങ്ങൾക്ക് ഞാൻ നൽകുന്ന പ്രതിഫലത്തിന്റെ കണക്കുകൾ ഞാൻ നിങ്ങളോട് വ്യക്തമാക്കിയതാണ്. പത്ത് മുതൽ എഴുനൂറ് വരെ. എന്നാൽ വ്രതാനുഷ്ഠാനത്തിന്റെ പ്രതിഫലത്തിന് അതിരുകളില്ല. സ്വീകാര്യമായ രീതിയിൽ അതനുഷ്ഠിക്കുന്നവർക്ക് ഞാൻ എനിക്കിഷ്ടമുള്ളത്ര പ്രതിഫലം നൽകും. ഇക്കാരണങ്ങളാലാണ് ഞാൻ നോമ്പിനെ എന്നിലേക്ക് ചേർത്തു പറഞ്ഞിരിക്കുന്നത്.

അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്നത് യഥാർഥത്തിൽ എന്റെയും എന്റെ മാലാഖമാരുടെയും പ്രകൃതമാണ്. ആ വിശുദ്ധിയിലേക്കാണ് വ്രതാനുഷ്ഠാനത്തിലൂടെ ഒരടിമ അടുക്കുന്നത്. മറ്റുള്ള ആരാധനകളിലധികവും മനുഷ്യരുടെ താൽപര്യങ്ങളോട് വലിയ തോതിൽ കലഹിക്കുന്നില്ല. എന്നാൽ നോമ്പ് അവരുടെ ആഗ്രഹങ്ങളെയും വികാരങ്ങളെയും വർജിക്കാൻ ആവശ്യപ്പെടുന്നതാണ്. എന്നെ അധികം ഇഷ്ടപ്പെടുന്നവർക്കേ അതിന് സാധിക്കൂ. അതുകൊണ്ടാണ് നോമ്പ് എന്റേത് മാത്രമാണെന്ന് ഞാൻ പറയുന്നത്. നോമ്പല്ലാത്ത എല്ലാ ഇബാദത്തുകളുടെയും പ്രതിഫലം, അവയനുഷ്ഠിച്ചവർ അനീതി ചെയ്തിട്ടുണ്ടെങ്കിൽ, പരലോകത്ത് മർദിതർക്കിടയിൽ പ്രായശ്ചിത്തമായി വീതിക്കപ്പെടുന്നതാണ്. എന്നാൽ, നിങ്ങളുടെ നോമ്പ് നാളെ നിങ്ങളുടെ സ്വന്തമായിരിക്കും; എന്റെയും.

സർവരെയും നരകക്കുണ്ടിലേക്ക് തള്ളിയിടുന്ന ദേഹേഛയെ പാടേ അകറ്റിനിർത്തുക എന്ന ലക്ഷ്യം പൂർത്തിയാക്കാൻ നോമ്പിനോളം സഹായകമായ മറ്റൊന്നുമില്ല. അതാവട്ടെ എന്റെ മാത്രം അടിമകളാവാൻ നിങ്ങളെ തയാറാക്കുന്നതാണ്. ചെയ്യേണ്ടതെല്ലാം ചെയ്യാനുള്ള പരിശീലനങ്ങളാണ്, നോമ്പല്ലാത്ത ഇബാദത്തുകൾ. ഉപേക്ഷിക്കേണ്ടതെല്ലാം ഉപേക്ഷിക്കാനുള്ള പരിശീലനമാണ് വ്രതം. അതേ, സ്വീകാരവും തിരസ്കാരവും എനിക്കു വേണ്ടി മാത്രമാവുമ്പോൾ അത് ഞാനേറെ ഇഷ്ടപ്പെടുന്ന ഇബാദത്തായി മാറുന്നു. നോമ്പിന്റെ സമയം പ്രഭാതം മുതൽ പ്രദോഷം വരെ നീണ്ടുനിൽക്കുന്നതാണ്. ഇത്രയധികം നീളമുള്ള മറ്റൊരു ഇബാദത്തും ഞാൻ നിർബന്ധമാക്കിയിട്ടില്ല. അതിനാൽ നോമ്പ് എനിക്കുള്ളതാണ്. ഞാനാണതിന് പ്രതിഫലം നൽകുക. ●

സർവരെയും നരകക്കുണ്ടിലേക്ക് തള്ളിയിടുന്ന ദേഹേഛയെ പാടേ അകറ്റിനിർത്തുക എന്ന ലക്ഷ്യം പൂർത്തിയാക്കാൻ നോമ്പിനോളം സഹായകമായ മറ്റൊന്നുമില്ല. അതാവട്ടെ എന്റെ മാത്രം അടിമകളാവാൻ നിങ്ങളെ തയാറാക്കുന്നതാണ്. ചെയ്യേണ്ടതെല്ലാം ചെയ്യാനുള്ള പരിശീലനങ്ങളാണ്, നോമ്പല്ലാത്ത ഇബാദത്തുകൾ. ഉപേക്ഷിക്കേണ്ടതെല്ലാം ഉപേക്ഷിക്കാനുള്ള പരിശീലനമാണ് വ്രതം.